REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-03-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഇനി ഒൻപത് നാൾ ബാക്കി. മുന്നണികളും സ്ഥാനാർത്ഥികളും വോട്ടർമാരെ നേരിൽ കണ്ടു വോട്ടു തേടി പ്രചാരണരംഗത്ത് കൂടുതൽ സജീവമായി.**
- **സംസ്ഥാനത്ത് ഹോം വോട്ടിംഗിന് ഇന്ന് തുടക്കമാകും.**
- **തിരഞ്ഞെടുപ്പിലെ പ്രിസൈഡിംഗ് ഓഫീസർമാർ അടക്കം ഉദ്യോഗസ്ഥരുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയായി.**
- **2025 ലെ പാപ്പരത്ത കോഡ് ഭേദഗതി ബിൽ ലോക്സഭ ഇന്ന് കൂടുതൽ ചർച്ചയ്ക്കായി പരിഗണിക്കും.**
- **സംസ്ഥാനത്ത് ഗാർഹിക LPG യുടെയും, ഇന്ധനങ്ങളുടെയും വിതരണത്തിൽ പ്രതിസന്ധി നിലവിലില്ലെന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ K ഹിമ.**
- **IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ മുംബൈയിൽ ആറ് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഇനി ഒൻപത് ദിവസവും വോട്ടെടുപ്പിന് പത്ത് ദിവസവും ബാക്കി. മുന്നണികളും സ്ഥാനാർത്ഥികളും വോട്ടർമാരെ നേരിൽ കണ്ടു വോട്ടു തേടാൻ പ്രചാരണരംഗത്ത് കൂടുതൽ സജീവമായി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

പഞ്ചായത്ത്- മുനിസിപ്പൽ തല റാലികളുടെയും, താര പ്രചാരകരെ അണിനിരത്തി സംഘടിപ്പിക്കുന്ന റോഡ്ഷോകളുടെയും തിരക്കിലാണ് മുന്നണികളും പ്രവർത്തകരും. ചിഹ്നങ്ങൾ പതിച്ച സ്ഥാനാർത്ഥികളുടെ വർണ്ണ പോസ്റ്ററുകളും കൂറ്റൻ ബോർഡുകളും നാടെങ്ങും നിറഞ്ഞു കഴിഞ്ഞു.

സംസ്ഥാന ദേശീയ നേതാക്കൾ ഓരോ മണ്ഡലങ്ങളിലും സ്ഥാനാർഥികൾക്കായി വോട്ടഭ്യർത്ഥിക്കുന്ന തിരക്കിട്ട പ്രചാരണത്തിലാണ്.

രണ്ടു ദിവസം കഴിയുന്നതോടെ സംസ്ഥാനമെങ്ങും ബൂത്തു തലത്തിൽ പ്രവർത്തകർ വീട് കയറി ചിഹ്നങ്ങൾ പരിചയപ്പെടുത്താനും അഭ്യർത്ഥന കത്തുകൾ വിതരണം ചെയ്യാനും തുടങ്ങും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊല്ലം ജില്ലയിലെ നാല് നിയോജകമണ്ഡലങ്ങളിൽ LDF സ്ഥാനാർത്ഥികളുടെ പൊതുയോഗങ്ങൾ ഉദ്ഘാടനം ചെയ്യും. രാവിലെ മാധ്യമങ്ങളെ കണ്ടശേഷം ചവറ ഇടപ്പള്ളിക്കോട്ട, വൈകിട്ട് അഞ്ചാലുമ്മൂട്, കൊട്ടാരക്കര, കടയ്ക്കൽ എന്നിവിടങ്ങളിൽ മുഖ്യമന്ത്രി പൊതുയോഗങ്ങളിൽ പങ്കെടുക്കും.

CPIM ജനറൽ സെക്രട്ടറി MA ബേബി ഇന്ന് കോഴിക്കോട് ജില്ലയിലെ മണ്ഡലങ്ങളിൽ LDF തെരഞ്ഞെടുപ്പ് പരിപാടികളിൽ സംബന്ധിക്കും. രാവിലെ കുറ്റ്യാടി മണ്ഡലത്തിലെ കുട്ടോത്ത് നിന്നും ആരംഭിക്കുന്ന തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടി പയ്യോളിയിൽ സമാപിക്കും.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി UDF തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇന്ന് കേരളത്തിലെത്തും. ഉച്ചയോടെ പത്തനംതിട്ട അടൂരിൽ ഹെലികോപ്ടറിലെത്തുന്ന രാഹുൽ ഗാന്ധി, KSRTC ജംഗ്ഷനിൽ അടൂർ മണ്ഡലം UDF സമ്മേളനം ഉദ്ഘാടനം ചെയ്യും. തുടർന്ന് പത്തനംതിട്ടയിൽ ആറൻമുള, കോന്നി, റാന്നി, തിരുവല്ല മണ്ഡലങ്ങളുടെ സംയുക്ത യോഗത്തിലും പങ്കെടുക്കും. തുടർന്ന് പ്രമാടം ഹെലിപ്പാഡിൽ നിന്ന് കോട്ടയത്തേക്ക് പോകും. വൈകിട്ട് പാമ്പാടി, കഞ്ഞിക്കുഴി, അതിരമ്പുഴ എന്നിവിടങ്ങളിലെ പൊതുസമ്മേളനങ്ങളിൽ പങ്കുചേരും. തുടർന്ന് കൊച്ചി വഴി ഡൽഹിയിലേക്ക് മടങ്ങും.

രാഹുൽഗാന്ധിയുടെ സന്ദർശനത്തോടനുബന്ധിച്ച് അടൂർ, പത്തനംതിട്ട ടൗണുകളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ രാഹുൽ ഗാന്ധിയുടെ തിരഞ്ഞെടുപ്പ് പര്യടനം നാളെ ആരംഭിക്കുമെന്ന് DCC അറിയിച്ചു. കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് ഹെലികോപ്റ്ററിൽ കലക്ടറേറ്റ് മൈതാനത്ത് ഇറങ്ങുന്ന അദ്ദേഹം പൊലീസ് മൈതാനിയിലെ തെരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ പ്രസംഗിക്കും. കണ്ണൂരിലെ പൊതുയോഗത്തിനുശേഷം രാഹുൽഗാന്ധി കോഴിക്കോട്ടേക്ക് യാത്ര തിരിക്കും. നാദാപുരത്ത് നിന്ന് ആരംഭിക്കുന്ന പ്രചാരണം കൊയിലാണ്ടിയിൽ റോഡ് ഷോയോടെ സമാപിക്കും.

✪✪✪

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ NDA പ്രചാരണം രാവിലെ BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് ഉദ്ഘാടനം ചെയ്യും.

നാളെ നടി ഖുശ്ബു പ്രചാരണത്തിന് എത്തും. മാവൂർ റോഡിൽ നാളെ രാവിലെ ഖുശ്ബുവിന്റെ റോഡ് ഷോ ഉണ്ടായിരിക്കും.

നോർത്ത് മണ്ഡലത്തിൽ UDF പ്രചാരണത്തിന് വൈകിട്ട് ഷാഫി പറമ്പിൽ MP റോഡ് ഷോ നടത്തും.

✪✪✪

സംസ്ഥാനത്ത് വോട്ടർമാരുടെ വീട്ടിലെത്തി വോട്ടിംഗ് സൗകര്യമൊരുക്കുന്ന ഹോം വോട്ടിംഗിന് ഇന്ന് തുടക്കമാകും. ഇന്നലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ, ജില്ലാകലക്ടർമാരുമായി ഹോം വോട്ടിംഗിന്റെ ഒരുക്കങ്ങൾ ഓൺലൈനിൽ വിലയിരുത്തി. രാഷ്ട്രീയ പാർട്ടികളുമായും അദ്ദേഹം കൂടിയാലോചന നടത്തി.

കണ്ണൂർ ജില്ലയിൽ 19,276 ഹോം വോട്ടിംഗ് അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

..........(വോയ്സ്).............

✪✪✪

തിരുവനന്തപുരം അടക്കം ജില്ലകളിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ പ്രിസൈഡിംഗ് ഓഫീസർമാർ, ഫസ്റ്റ് പോളിംഗ് ഓഫീസർമാർ, പോളിംഗ് ഓഫീസർമാർ എന്നിവരുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയായി.

ജോലി ചെയ്യേണ്ട മണ്ഡലത്തെക്കുറിച്ചും, ടീമിനെക്കുറിച്ചും ഔദ്യോഗിക വെബ്സൈറ്റിൽ വിവരങ്ങൾ നൽകിയിട്ടുണ്ട്.

✪✪✪

മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ സാമൂഹ്യമാധ്യമ ഉപയോഗത്തിൽ ജാഗ്രത പാലിക്കണമെന്ന് കേരള പോലീസ് നിർദ്ദേശം നൽകി. ഗ്രൂപ്പുകളിലെ മെസ്സേജുകൾ, ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ അഡ്മിൻമാർ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കണം .

നിർമ്മിത ബുദ്ധി ഉപയോഗിച്ച് നിർമ്മിച്ച രാഷ്ട്രീയ വിഡിയോകൾ “AI-Generated” ലേബൽ ഇല്ലാതെ പങ്കുവെച്ചാൽ നിയമ നടപടി നേരിടേണ്ടി വരുമെന്ന് പൊലീസ് മുന്നറിയിപ്പ് നൽകി.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിൽ വോട്ടർമാരുടെ പങ്കാളിത്തം ഉയർത്താനും, ജനാധിപത്യ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും സംഘടിപ്പിക്കുന്ന പ്രചാരണത്തിന്റെ ഭാഗമായി കോഴിക്കോട് ബീച്ചിൽ സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരത്തും സ്വീപിന്റെ നേതൃത്വത്തിൽ സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചിരുന്നു.

പാലക്കാട്ട് സ്വീപ് സൗഹൃദ പെനാൽറ്റി ഷൂട്ട് ഔട്ടും സംഘടിപ്പിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് തിരുവനന്തപുരം ജില്ലാ ഭരണകൂടം തയ്യാറായിക്കഴിഞ്ഞെന്നും, 100 ശതമാനം പോളിങ്ങാണ് ലക്ഷ്യമിടുന്നതെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കളക്ടർ അനു കുമാരി അറിയിച്ചു. വോട്ടിങ് ദിനത്തെ അവധി ദിവസമായി കാണാതെ വോട്ടവകാശം വിനിയോഗിക്കണമെന്ന് കല്ലറ, ചെട്ടിയെ കൊന്നകയം ഉന്നതിയിലെ സ്വീപ്പ് ബോധവത്കരണ പരിപാടിയിൽ കളക്ടർ ആവശ്യപ്പെട്ടു.

✪✪✪

മൈ ഭാരത്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, സ്വീപ് എന്നിവയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വോട്ടേഴ്സ് ബോധവത്ക്കരണ സൈക്കിൾ റാലി നടത്തി.

തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നിന്ന് ആരംഭിച്ച സൈക്കിൾ റാലി കലക്ട്രേറ്റിൽ സമാപിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നമോ ആപ്പ് വഴി 'മേരാ ബൂത്ത് സബ്സെ മസ്ബൂത്ത് സംവാദ്' പരിപാടിയിൽ അസമിലെയും പുതുച്ചേരിയിലെയും ജനങ്ങളെ അഭിസംബോധന ചെയ്യും. NDA ഗവണ്മെന്റിന്റെ നേതൃത്വത്തിൽ അസമിലും പുതുച്ചേരിയിലും കൈവരിച്ച വികസന പ്രവർത്തനങ്ങൾ പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു .

✪✪✪

2025 ലെ പാപ്പരത്ത കോഡ് ഭേദഗതി ബിൽ ലോക്സഭ ഇന്ന് കൂടുതൽ ചർച്ചയ്ക്കായി പരിഗണിക്കും. കമ്പനികളുടെയും വ്യക്തികളുടെയും കട ബാധ്യത സംബന്ധിച്ച നടപടികൾക്കിടയിലെ കാലതാമസം ഒഴിവാക്കി തർക്ക പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാൻ ബിൽ ലക്ഷ്യമിടുന്നു.

നക്സലിസത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കുന്ന ശ്രമങ്ങളെ കുറിച്ചും ലോക്സഭ ഇന്ന് ചർച്ച ചെയ്യും.

രാജ്യസഭ, കേന്ദ്ര സായുധ സേന ബിൽ 2026 ഇന്ന് പരിഗണനയ്ക്ക് എടുക്കും.

✪✪✪

പൊതു വിതരണ സംവിധാനത്തിന് കീഴിൽ 21 സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും സുപ്പീരിയർ മണ്ണെണ്ണ വിതരണം ചെയ്യാൻ കേന്ദ്ര ഗവണ്മെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. പശ്ചിമേഷ്യൻ പ്രശ്നങ്ങളെ തുടർന്ന് ഇന്ധന വിതരണരംഗത്തുണ്ടായ സാഹചര്യം കണക്കിലെടുത്താണ് നടപടി.

മണ്ണെണ്ണ രഹിത സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഗാർഹിക ഉപയോഗത്തിന് സുപ്പീരിയർ മണ്ണെണ്ണ സംഭരിക്കാനും വിതരണം ചെയ്യാനും ഇന്ധന സ്റ്റേഷനുകൾക്ക് അനുമതി നൽകിയതായി വിജ്ഞാപനത്തിൽ അറിയിച്ചു. മണ്ണെണ്ണ ഘട്ടങ്ങളായി നിർത്തലാക്കിയ പ്രദേശങ്ങളിലെ പാചക ആവശ്യങ്ങൾ നിറവേറ്റാനും, വിളക്ക് കത്തിക്കാനുമാണ് സൂപ്പീരിയർ മണ്ണെണ്ണ വിതരണമെന്ന് പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം അറിയിച്ചു.

ഒരു ജില്ലയിൽ പരമാവധി രണ്ട് ഇന്ധന ഔട്ട്ലെറ്റുകൾക്ക് അനുമതി നൽകും. 60 ദിവസത്തേക്ക് വിജ്ഞാപനം പ്രാബല്യത്തിലുണ്ടാകും.

✪✪✪

സംസ്ഥാനത്ത് ഗാർഹിക LPG യുടെയും, ഇന്ധനങ്ങളുടെയും വിതരണത്തിൽ ഒരു പ്രതിസന്ധിയും നിലവിലില്ലെന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ K ഹിമ അറിയിച്ചു. അർദ്ധ - അവശ്യ വിഭാഗത്തിൽ ഉൾപ്പെടുന്ന ആശുപത്രികൾക്കും, റെയിൽവെ കാറ്ററിംഗിനും നൂറ് ശതമാനം സിലിണ്ടറും ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LPG വിതരണവുമായി ബന്ധപ്പെട്ട ജനങ്ങളുടെ പരാതികൾ അറിയിക്കാൻ താലൂക്ക്തല LPG കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ ജില്ലാതല കൺട്രോൾ റൂമുകളും പ്രവർത്തിക്കും. ഇന്ധന LPG, പൈപ്പ്ഡ് ഗ്യാസ് എന്നിവയുമായി ബന്ധപ്പെട്ട അവലോകനത്തിനും നിർദ്ദേശങ്ങൾക്കും സെക്രട്ടേറിയറ്റിൽ വാർ റൂം പ്രവർത്തിക്കുന്നുണ്ട്.

✪✪✪

സംസ്ഥാനത്ത് SSLC പരീക്ഷ ഇന്ന് അവസാനിക്കും. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷകൾ ശനിയാഴ്ച പൂർത്തിയായിരുന്നു. ഒന്നു മുതൽ ഒൻപത് വരെ ക്ലാസുകളിലെ പരീക്ഷകൾ നാളെ സമാപിക്കും.

SSLC ഫലപ്രഖ്യാപനം മെയ് മൂന്നാം വാരത്തിൽ ഉണ്ടാകും. മൂല്യനിർണയം ഏപ്രിൽ 16ന് തുടങ്ങും. ഹയർസെക്കണ്ടറി പരീക്ഷാ ഫലം മെയ് 22 ന് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

✪✪✪

വിദേശ സംഭാവനാ നിയന്ത്രണ ഭേദഗതി ബിൽ ന്യൂനപക്ഷങ്ങൾക്ക് ദോഷം ചെയ്യുമെന്ന് CPIM സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവനയിൽ അറിയിച്ചു. നടപടി ഭരണഘടനാ വിരുദ്ധവും, സ്വാഭാവിക നീതിയുടെ ലംഘനവുമാണെന്ന് അവർ വാർത്താക്കുറിപ്പിൽ കുറ്റപ്പെടുത്തി.

✪✪✪

IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ മുംബൈയിൽ ആറ് വിക്കറ്റിന് തോൽപ്പിച്ചു. ഇന്ന് രാജസ്ഥാൻ റോയൽസ്, ചെന്നൈ സൂപ്പർകിംഗ്സിനെ ഗോഹട്ടിയിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

26-ാമത് പൂക്കോട്ടൂർ ഹജ്ജ് പഠനക്യാമ്പ് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. കർമ്മങ്ങളിൽ

സൂക്ഷ്മത പുലർത്തി പ്രാർഥനകൾ കൊണ്ട് ഹജ്ജിനെ ധന്യമാക്കണമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

പത്തനംതിട്ട ജില്ലയിൽ ഇന്നലെ വൈകിട്ട് ശക്തമായ കാറ്റിലും മഴയിലും വ്യാപക നാശനഷ്ടമുണ്ടായി. പലയിടത്തും റോഡിലേക്ക് മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. വൈദ്യുതി വിതരണവും തകരാറിലായി.

✪✪✪

ഇന്ത്യയിൽ അടിവയറ്റിൽ കൊഴുപ്പു കൂടുന്നവരുടെ എണ്ണത്തിലെ വർദ്ധന ആശങ്കയുളവാക്കുന്നതാണെന്ന് കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ "Advances in Obesity and Lipid Management in CVD" എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചിട്ടയായ ജീവിതശൈലിയും ശരിയായ ഉറക്കവും പൊണ്ണത്തടിയെ പ്രതിരോധിക്കാൻ സഹായിക്കുമെന്നും കേന്ദ്രസഹമന്ത്രി വ്യക്തമാക്കി.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News team : വി കെ സുരേഷ്, മണികണ്ഠൻ*
*DEO: ഷീബ*